# പതിനാലാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 3163 — 19.06.2018-ൽ മറുപടിയ്ക്ക്.

### ചാലക്കുടി ബ്ലോക്ക് പഞ്ചായത്ത് സമർപ്പിച്ച അമ്മവീട് പദ്ധതി

| ചോദ്യം<br><br>ശ്രീ.ബി.ഡി. ദേവസ്സി | | മറുപടി<br><br>ഡോ.കെ.റ്റി.ജലീൽ<br>(തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി) | |
|---|---|---|---|
| (എ) | ചാലക്കുടി ബ്ലോക്ക് പഞ്ചായത്ത് 2017-18 വർഷത്തിൽ ആദിവാസി മേഖലയിലെ സ്ത്രീകളുടെ ഉന്നമനം ലക്ഷ്യമാക്കി സമർപ്പിച്ച അമ്മവീട്, ഷീടോയ്ലറ്റ് എന്നീ പദ്ധതികൾ സ്പിൽഓവർ പ്രവൃത്തിയായി അംഗീകരിക്കുന്നതിനും പ്രത്യേക സ്പിൽ ഓവർ തുക അനുവദിക്കുന്നതിനുമായി സമർപ്പിച്ചിട്ടുള്ള അപേക്ഷകളിൽ നടപടി സ്വീകരിച്ചിട്ടുണ്ടോ; | (എ) | 2018 മാർച്ച് 31 ന് മുമ്പ് പൂർത്തിയാക്കാത്ത പ്രോജക്ടുകൾ സ്പിൽ ഓവറായി തുടരുന്നത് സംബന്ധിച്ച് സർക്കാർ മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. ചാലക്കുടി ബ്ളോക്ക് പഞ്ചായത്തിന്റെ അമ്മ വീട്, ഷീ ടോയ് ലറ്റ് എന്നീ പദ്ധതികൾ സ്പിൽ ഓവർ കാറ്റഗറി-1 വിഭാഗത്തിൽ ഉൾപ്പെടുന്നവയാണെങ്കിൽ (അതായത് എഗ്രിമെന്റ് വയ്ക്കുകയോ നിർവ്വഹണം ആരംഭിക്കുകയോ ചെയ്തവ ആണെങ്കിൽ) ക്യാരി ഓവർ വിഹിതം നൽകുന്നതിനായി പരിഗണിക്കുന്ന ഗണത്തിൽപ്പെടുന്നതാണ്. |

| | | | |
|---|---|---|---|
| (ബി) | ഇതിനായി കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ അനുമതിയും നിർമ്മാണം വന സംരക്ഷണ സമിതി മുഖേന നടപ്പാക്കുന്നതിന് അനുമതിയും നൽകുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കുമോ? | (ബി) | അമ്മവീട്, ഷീ ടോയ് ലറ്റ് എന്നീ പദ്ധതികൾ നടപ്പിലാക്കുവാനുള്ള അക്രഡിറ്റ് ഏജൻസിയായി വനം സംരക്ഷണ സമിതിയെ കൂടി നിശ്ചയിക്കണമെന്ന് ധനകാര്യ വകുപ്പിനോട് ആവശ്യപ്പെട്ടുവാൻ 06.02.2018 തീയതിയിലെ വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റി തീരുമാനിച്ചിരുന്നു. ഇക്കാര്യം ധന വകുപ്പിന്റെ പരിഗണനയിലാണ്. |

സെക്ഷൻ ഓഫീസർ